# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 18-02-2024**

## പ്രധാനവാർത്തകൾ

1. കേരളമടക്കം രണ്ടാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പ് നടക്കുന്ന മണ്ഡലങ്ങളിൽ നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്ന്. സംസ്ഥാനത്ത് പത്രിക സമർപ്പിച്ചത് 290 സ്ഥാനാർഥികൾ. തിങ്കളാഴ്ച വരെ പത്രിക പിൻവലിക്കാം.

2. സംസ്ഥാനത്ത് തെരഞ്ഞെടുപ്പ് പ്രചാരണം ശക്തമാകുന്നു. മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കോട്ടയത്ത്, കേന്ദ്രമന്ത്രി അമിത് ഷാ നാളെ തിരുവനന്തപുരത്തെത്തും, പ്രതിപക്ഷ നേതാവ് വിഡി സതീശൻറെ പ്രചാരണം എറണാകുളത്ത്.

3. തുടർച്ചയായി ഏഴാം തവണയും പലിശ നിരക്കിൽ മാറ്റം വരുത്താതെ റിസർവ് ബാങ്ക്.

4. സംസ്ഥാനത്ത് ചൂട് കൂടുന്നു. പ്രതിദിന വൈദ്യുതി ഉപഭോഗം സർവ്വകാല റെക്കോർഡിൽ. നിയന്ത്രണത്തിന് അഭ്യർത്ഥിച്ച് കെഎസ് ഇബി.

5. രാജ്യത്തെവിടെ നിന്നും പ്രിയപ്പെട്ടവർക്ക് വിഷുക്കൈനീട്ടം എത്തിക്കാൻ സംവിധാനമൊരുക്കി തപാൽ വകുപ്പ്.

6. ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് ഗോവ – ഹൈദരാബാദ് പോരാട്ടം; ഐപിഎൽ ക്രിക്കറ്റിൽ സൺറൈസേഴ്സ് ഹൈദരാബാദ് ചെന്നൈ സൂപ്പർ കിങ്സിനെ നേരിടും.

******************************************

RIU TVM

## തിരഞ്ഞെടുപ്പ് - സ്ഥാനാർത്ഥികൾ പത്രിക

രണ്ടാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിനായുള്ള നാമനിർദേശ പത്രികാ സമർപ്പണത്തിനുള്ള സമയപരിധി ഇന്നലെ അവസാനിച്ചപ്പോൾ കേരളത്തിൽ 290 സ്ഥാനാർഥികൾ പത്രിക സമർപ്പിച്ചു. നാമനിർദ്ദേശ പത്രിക പിൻ വലിക്കാനുള്ള സമയപരിധി തിങ്കളാഴ്ച അവസാനിക്കും. ഇതോടെ കേരളത്തിലും അന്തിമ സ്ഥാനാർഥി പട്ടികയ്ക്ക് രൂപമാകും. തിരുവനന്തപുരത്താണ് ഏറ്റവുമധികം സ്ഥാനാർഥികൾ പത്രിക സമർപ്പിച്ചത്. 22 പേരാണ് ഇവിടെ പത്രിക നൽകിയത്. എട്ട് പത്രികകൾ ലഭിച്ച ആലത്തൂർ മണ്ഡലത്തിലാണ് ഏറ്റവും കുറവ് സ്ഥാനാർഥികൾ. കേരളം ഉൾപ്പെടെ 12 സംസ്ഥാനങ്ങളിലെയും ജമ്മുകശ്മീരിലെയും 88 ലോക്സഭാ സീറ്റുകളിലേക്കും ഔട്ടർ മണിപ്പൂർ ലോക്സഭാ മണ്ഡലത്തിൻറെ ബാക്കി ഭാഗങ്ങളിലുമാണ് ഏപ്രിൽ 26-ന് രണ്ടാംഘട്ടമായി വോട്ടെടുപ്പ് നടക്കുന്നത്. ജമ്മുകശ്മീരിൽ നാളെയും, മറ്റിടങ്ങളിൽ ഇന്നുമാണ് പത്രികകളുടെ സൂക്ഷ്മപരിശോധന. പത്രികകൾ പിൻവലിക്കാൻ ഈ മാസം എട്ട് വരെയാണ് സമയം.

****************************************

## തിരുവനന്തപുരം - തിരഞ്ഞെടുപ്പ്

RNU TVPM

പൊതുതെരഞ്ഞെടുപ്പിന് 20 ദിവസം ശേഷിക്കെ സംസ്ഥാനത്ത് വിവിധ മുന്നണികളുടെ പ്രചാരണം ചൂടുപിടിക്കുകയാണ്. തലസ്ഥാനത്തും പ്രചാരണം ഊർജിതമാണ്. ത്രികോണ മത്സരം നടക്കുന്ന തിരുവനന്തപുരത്ത് മൂന്ന് മുന്നണികളുടെയും സ്ഥാനാർത്ഥികൾ മണ്ഡലത്തിലെ വിവിധയിടങ്ങളിൽ ഇന്ന് പര്യടനം നടത്തുന്നു. സിറ്റിങ് എം പി യും യു ഡി എഫ് സ്ഥാനാർത്ഥിയുമായ ശശി തരൂരിന്റെ വട്ടിയൂർകാവ് നിയമസഭാ മണ്ഡല പര്യടനം തുടങ്ങി. മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിലൂടെ സഞ്ചരിച്ച് രാത്രി 8.45 ന് വാഴോട്ടുകോണം ജംഗ്ഷനിൽ സമാപിക്കും. എൽ ഡി എഫ് സ്ഥാനാർത്ഥി പന്ന്യൻ രവീന്ദ്രൻ

ഇന്ന് നെയ്യാറ്റിൻകര നിയമസഭാ മണ്ഡലത്തിലാണ് പര്യടനം നടത്തുന്നത്. രാവിലെ 7 മണിക്ക് പ്ലാമൂട്ട്കടയിൽ നിന്ന് തുടങ്ങിയ പര്യടനം 38 ഓളം സ്ഥലങ്ങളിൽ സന്ദർശനം നടത്തിയ ശേഷം രാത്രി 8 മണിക്ക് ഉച്ചക്കടയിൽ സമാപിക്കും. എൻ ഡി എ സ്ഥാനാർത്ഥി രാജീവ് ചന്ദ്രശേഖർ രാവിലെ നെയ്യാറ്റിൻകര അമ്മൻ കോവിലിൽ സന്ദർശനം നടത്തി. എൻ ഡി എ തിരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസിൽ മീറ്റ് ദ പീപ്പിൾ പരിപാടിയിൽ പങ്കെടുത്ത ശേഷം തുടർന്ന് തിരുവനന്തപുരം നഗരത്തിലെ വിവിധയിടങ്ങളിൽ ജനങ്ങളെ നേരിൽ കണ്ട് രാജീവ് ചന്ദ്രൻ ശേഖർ വോട്ട് അഭ്യർത്ഥിക്കും.

****************************************

**മണ്ഡലങ്ങളിലൂടെ - കോഴിക്കോട് - (ഇൻട്രോ)**

RNU TVPM

ലോക്സഭ തെരഞ്ഞെടുപ്പിന് നാമനിർദ്ദേശ പത്രിക നൽകാനുള്ള സമയപരിധി കഴിഞ്ഞതോടെ കോഴിക്കോട് മൂന്നുമുന്നണികളും പ്രചാരണ പ്രവർത്തനങ്ങൾ ശക്തമാക്കി . വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് പ്രതിനിധി നസീർ ബാബു..

(വോയിസ്..........)

****************************************

**അമിത് ഷാ നാളെ കേരളത്തിൽ**

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ നാളെ തിരുവനന്തപുരത്തെത്തും. എൻ ഡി എ സ്ഥാനാർത്ഥി രാജീവ് ചന്ദ്രശേഖറിന്റെ തിരഞ്ഞെടുപ്പ് പ്രചാരണ പരിപാടിയിൽ അദ്ദേഹം പങ്കെടുക്കും. നെയ്യാറ്റിൻകരയിൽ നടക്കുന്ന റോഡ് ഷോയിൽ രാജീവ് ചന്ദ്രശേഖറോടൊപ്പം അമിത് ഷായും പങ്കെടുക്കും.

****************************************

**പൗരത്വ നിയമം**

പൗരത്വ നിയമത്തെ സാങ്കേതികമായി എതിർത്തു എന്ന് വരുത്തി മൂലയ്ക്ക് പോയി ഒളിക്കുകയാണ് കോൺഗ്രസെന്ന്

മുഖ്യമന്ത്രി പിണറായി വിജയൻ തലയോലപ്പറമ്പിൽ പറഞ്ഞു. എന്തുകൊണ്ടാണ് ഇത്തരം വിഷയത്തിൽ കോൺഗ്രസിന് കൃത്യമായ നിലപാട് എടുക്കാൻ കഴിയാത്തത്. ഇത് ജനങ്ങൾ മനസ്സിലാക്കുന്നുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

**************************************

**<u>കോട്ടയം - മുഖ്യമന്ത്രി പ്രചാരണം</u>**

എൽ ഡി എഫ് സ്ഥാനാർത്ഥി തോമസ് ചാഴിക്കാടന് വേണ്ടി പ്രചാരണം നയിക്കാനാണ് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കോട്ടയത്ത് എത്തിയത്. തലയോലപ്പറമ്പിലും പാലായിലും കോട്ടയത്തും മുഖ്യമന്ത്രി തിരഞ്ഞെടുപ്പു യോഗങ്ങളെ അഭിസംബോധന ചെയ്യും. യുഡിഎഫ് സ്ഥാനാർത്ഥി ഫ്രാൻസിന് ജോർജ് ഇന്ന് ഏറ്റുമാനൂർ കടുത്തുരുത്തി നിയമസഭാ മണ്ഡലങ്ങളിൽ റോഡ് ഷോ നടത്തുന്നു. എൻ ഡി എ സ്ഥാനാർത്ഥി തുഷാർ വെള്ളാപ്പള്ളി അയർക്കുന്നം മേഖലയിൽ തിരഞ്ഞെടുപ്പു പര്യടനം നടത്തുന്നു.

**************************************

**<u>മുഖ്യമന്ത്രി - വിഡി സതീശൻ</u>**

കേരളത്തിൽ ബിജെപിയുടെ നാവായി മുഖ്യമന്ത്രി പിണറായി വിജയൻ മാറിയെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ കൊച്ചിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. കേരളത്തിൽ ബിജെപി - സിപിഐ (എം) ബന്ധം വളർന്നു വരികയാണെന്നും അത് ഏതറ്റം വരെയും പോകുമെന്നും പ്രതിപക്ഷ നേതാവ് ആരോപിച്ചു.

**************************************

**<u>റിസർവ് ബാങ്ക്</u>**

തുടർച്ചയായി ഏഴാം തവണയും റിപ്പോ നിരക്കിൽ മാറ്റം വരുത്താതെ റിസർവ് ബാങ്ക് പണ നയസമിതി. ബാങ്കുകൾക്ക് റിസർവ്ബാങ്ക് നൽകുന്ന വായ്പയുടെ പലിശയായ റിപ്പോ നിരക്ക് 6.5 ശതമാനത്തിൽ നിലനിർത്തി.2024 മാർച്ച് 29 വരെ ഇന്ത്യയുടെ വിദേശനാണയ കരുതൽ ശേഖരം

PNU TVPM

എക്കാലത്തെയും ഉയർന്ന നിരക്കിലെത്തി. ഈ സാമ്പത്തിക വർഷത്തിൽ വളർച്ച നിരക്ക് 7 ശതമാനവും പണപ്പെരുപ്പം 4.5 ശതമാനവുമാണ് പ്രതീക്ഷിക്കുന്നതെന്ന് ആർബിഐ ഗവർണർ ശക്തികാന്ത ദാസ് പറഞ്ഞു.

****************************************

**<u>താപനില</u>**

കേരളത്തിൽ തിങ്കളാഴ്ച് വരെ താപനില ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.

12 ജില്ലകളിൽ മഞ്ഞ ജാഗ്രതാ മുന്നറിയിപ്പ് ഉണ്ട്. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരള തീരത്ത് ഇന്ന് കടലാക്രമണത്തിന് സാധ്യതയുണ്ടെന്നു ദേശീയ സമുദ്ര സ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിയ്ക്കണമെന്നും നിർദേശമുണ്ട്.

****************************************

RNU TVPM

**<u>കെ.എസ്.ഇ.ബി - 2</u>**

സംസ്ഥാനത്ത് താപനില വർധിച്ചതോടെ പ്രതിദിന വൈദ്യുതി ഉപഭോഗം സർവ്വകാല റെക്കോർഡിൽ എത്തി. ഇതിനെ മറികടക്കാൻ വൈദ്യുതി ഉപയോഗത്തിൽ നിയന്ത്രണം വേണമെന്ന് ഉപഭോക്താക്കളോട് കെഎസ്ഇബി ആവശ്യപ്പെട്ടു. 107.76 ദശലക്ഷം യൂണിറ്റാണ് മൊത്ത വൈദ്യുതി ഉപഭോഗം. കഴിഞ്ഞ ചൊവ്വാഴ്ച 106.88 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് മൊത്തം ഉപയോഗിച്ചത്.

****************************************

**<u>കെ.എസ്.ഇ.ബി</u>**

വൈദ്യുതി മുടങ്ങുന്നത് ഒഴിവാക്കാൻ ഉപഭോക്താക്കൾ സഹകരിക്കണമെന്ന് കെഎസ്ഇബി അഭ്യർത്ഥന. വൈകുന്നേരം 6 മണി മുതൽ 12 മണി വരെ ഇടയ്ക്കിടെ വൈദ്യുതി തടസ്സമുണ്ടാകുന്നെന്ന പരാതി വ്യാപകമാണ്. എസിയുടെ ഉപയോഗം കൂടിയതും രാത്രി വൈദ്യുതി വാഹനങ്ങൾ ചാർജ്

ചെയ്യുന്നതും വൈദ്യുതി വിതരണ സംവിധാനത്തെ കാര്യമായി ബാധിച്ചാതാണ് വൈദ്യുതി മുടക്കത്തിന് കാരണം.

****************************************

**പാലക്കാട് - വിഷുക്കൈനീട്ടം - (ഇൻട്രോ)**

നാട്ടിലുള്ള പ്രിയപ്പെട്ടവർക്ക് വിഷുക്കൈനീട്ടം എത്തിച്ചു നൽകുന്നതിന് തപാൽ വകുപ്പ് അവസരമൊരുക്കുന്നു. രാജ്യത്തെവിടെ നിന്നും കേരളത്തിലെ ഏത് തപാൽ ഓഫീസിലേക്കും ഇപ്പോൾ വിഷുക്കൈനീട്ടം ബുക്ക് ചെയ്യാം. കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.....

(വോയിസ്.....)

****************************************

**കേരള സ്റ്റോറി**

'കേരള സ്റ്റോറി'യെന്ന സിനിമ പ്രദർശിപ്പിക്കുമെന്ന തീരുമാനം ദൂരദർശൻ അടിയന്തരമായി പിൻവലിക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ആവശ്യപ്പെട്ടു. സിനിമ ദൂരദർശനിൽ സംപ്രേക്ഷണം ചെയ്യുന്നത് വിലക്കണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ തെരഞ്ഞെടുപ്പ് കമ്മിഷന് കത്ത് നൽകി. അതേസമയം, അഭിപ്രായ സ്വാതന്ത്ര്യം രാജ്യത്ത് എല്ലാവർക്കുമുണ്ടെന്നും. അത് കലയിലുടെ പ്രകടിപ്പിക്കാമെന്നും കേന്ദ്രസഹമന്ത്രിയും ആറ്റിങ്ങലിലെ എൻഡിഎ സ്ഥാനാർത്ഥിയുമായ വി. മുരളീധരൻ പ്രതികരിച്ചു.

****************************************

**ഇടുക്കി - (ഇൻട്രോ)**

കെഎസ്ആർടിസി ബജറ്റ് ടൂറിസം ഒരുക്കുന്ന അവധിക്കാല ട്രിപ്പുകൾക്ക് നാളെ വാഗമൺ യാത്രയോട് കൂടി തുടക്കമാകും. കേരളത്തിലെ വിവിധ ജില്ലകളിലെ വിനോദ സഞ്ചാര കേന്ദ്രങ്ങൾക്ക് പുറമേ ബോട്ടിങ്ങും കപ്പൽ യാത്രയും താമസവും ഉൾപ്പെടെയുള്ള പാക്കേജിന് മിതമായ നിരക്കാണ് ഈടാക്കുന്നത്.

RNU TVPM

വിശദാംശങ്ങളുമായി ആകാശവാണി
ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ....
(വോയിസ്......)

****************************************

**ലോക്ക്ഡ് ഹൗസ്**

വേനലവധിക്ക് ഇനി വീട് പൂട്ടി, കള്ളന്മാരെ പേടിക്കാതെ യാത്ര ചെയ്യാൻ പൊലീസ് വഴിയൊരുക്കുന്നു. പൊലീസിന്റെ ഔദ്യോഗിക മൊബൈൽ ആപ്പ് ആയ പൊൽ ആപ്പിലെ ലോക്ക്ഡ് ഹൗസ് സൗകര്യം വഴിയാണ് 14 ദിവസം വരെ വീടുകൾക്ക് പൊലീസ് നിരീക്ഷണം ലഭ്യമാകുക. വീട് പൂട്ടി യാത്രപോകുന്നവർ അക്കാര്യം ആപ് വഴി പൊലീസിനെ അറിയിക്കണം. യാത്ര പുറപ്പെടുന്നതിന് 48 മണിക്കൂർ മുൻപെങ്കിലും രജിസ്റ്റർ ചെയ്യണം. ഏഴു ദിവസം മുമ്പ് വരെ വിവരം പൊലീസിനെ അറിയിക്കാവുന്നതാണ്. യാത്ര പോകുന്ന ദിവസം മുതൽ വീട് സ്ഥിതി ചെയ്യുന്ന ഭാഗങ്ങളിൽ പൊലീസ് പ്രത്യേക നിരീക്ഷണം നടത്തും.

****************************************

**ഐ.എസ്.എൽ**

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് ഗോവ എഫ് സി- ഹൈദരാബാദ് എഫ് സി പോരാട്ടം. രാത്രി 7.30 ന് ഗോവ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം. 36 പോയിന്റോടെ ഗോവ നിലവിൽ നാലാം സ്ഥാനത്താണ്. പോയിന്റ് നിലയിൽ ഏറ്റവും പിന്നിലാണ് ഹൈദരാബാദ് . ഇന്നലെ നടന്ന മത്സരത്തിൽ ചെന്നൈയിൻ എഫ് സി 2 -1 ന് ജംഷഡ്പൂറിനെ തോൽപ്പിച്ചു.

****************************************

**ഐ.പി.എൽ**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ് ചെന്നൈ സൂപ്പർ കിങ്സിനെ നേരിടും. ഹൈദരാബാദിലെ

RNU TVPM

രാജീവ് ഗാന്ധി സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം. ഇന്നലെ അഹമ്മദാബാദിൽ നടന്ന മത്സരത്തിൽ ഗുജറാത്ത് ടൈറ്റൻസിനെതിരെ പഞ്ചാബ് കിങ്സ് മൂന്നു വിക്കറ്റിന് ജയിച്ചു. ഗുജറാത്ത് ഉയർത്തിയ 200 റൺസ് വിജയലക്ഷ്യം 19.5 ഓവറിൽ ഏഴ് വിക്കറ്റ് നഷ്ടത്തിലാണ് പഞ്ചാബ് മറികടന്നത്.

****************************************

**കലാമണ്ഡലം**

കേരള കലാമണ്ഡലത്തിൽ ഗോത്രമേഖലയിലെ കുട്ടികൾക്കായി നൃത്തപരിശീലനം ആരംഭിച്ചു. എസ്.സി.ഇ.ആർ.ടി ഗോത്രായനം പദ്ധതിയുടെ ഭാഗമായാണ് നൃത്ത ക്യാമ്പ്. ഇടുക്കി ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവരാണ് ക്യാമ്പിൽ പങ്കെടുക്കുന്നത്.

RNUTVPM

****************************************

****************************************

*****************